അയ്യപ്പഭക്തസംഗമം നാളെ പുത്തരിക്കണ്ടത്ത്

■ രണ്ട് ലക്ഷം പേർ പങ്കെടുക്കും

തിരുവനന്തപുരം: ശബരിമല കർമ്മ സമിതിയുടെ ആഭിമുഖ്യത്തിൽ നാളെ വൈകിട്ട് 4 ന് പുത്തരിക്കണ്ടം മൈതാനിയിൽ അയ്യപ്പഭക്ത സംഗമം സംഘടിപ്പിക്കും. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം , തിരുവനന്തപുരം ജില്ലകളിൽ നിന്നായി രണ്ട് ലക്ഷം അയ്യപ്പഭക്തർ സമ്മേളനത്തിൽ പങ്കെടുക്കും. മ്യൂസിയം, പി.എം.ജി എന്നിവിടങ്ങളിൽ നിന്ന് വൈകിട്ട് 3 ന് നാമജപ ഘോഷയാത്ര ആരംഭിച്ച് പുത്തരിക്കണ്ടത്ത് സമാപിക്കും. നാമജപം നടക്കുമ്പോൾ തന്നെ പുത്തരിക്കണ്ടത്ത് യോഗം ആരംഭിക്കും.

കുളത്തൂർ അദ്വൈതാശ്രമം മഠാധിപതി സ്വാമി ചിദാനന്ദപുരിയുടെ അദ്ധ്യക്ഷതയിൽ മാതാ അമൃതാനന്ദമയി ഉദ്ഘാടനം ചെയ്യും. ഹിന്ദു ഐക്യവേദി അദ്ധ്യക്ഷ കെ.പി.ശശികല മുഖ്യപ്രഭാഷണം നടത്തും. നിരവധി ആദ്ധ്യാത്മികാചാര്യന്മാരും സമുദായ സംഘടനാ നേതാക്കളും പ്രസംഗിക്കും.

സംഗമത്തിന്റെ മുന്നോടിയായി ഇന്നലെ വൈകിട്ട് നഗരത്തിൽ മഹിളാ വാഹന വിളംബര ജാഥ നടന്നു. അശ്വതി ജ്വാല ഉദ്ഘാടനം ചെയ്തു. നൂറുകണക്കിന് സ്ത്രീകൾ പങ്കെടുത്ത വിളംബര ജാഥ പാളയം ഹനുമാൻ ക്ഷേത്രത്തിൽ നിന്നാരംഭിച്ച് പട്ടം കേശവദാസ പുരം, പരുത്തിപ്പാറ, അമ്പലമുക്ക്, പേരൂർക്കട, വട്ടിയൂർക്കാവ്, ശാസ്തമംഗലം, വെള്ളയമ്പലം, പാളയം , സ്റ്റാച്യു വഴി പഴവങ്ങാടി ഗണപതി ക്ഷേത്രത്തിൽ സമാപിച്ചു. സംഗമത്തിന്റെ മുന്നോടിയായി ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിൽ ഒരുക്കിയ അയ്യപ്പ മണ്ഡപങ്ങളിൽ പൂജ നടക്കുന്നുണ്ട്.

നഗരത്തിൽ നാളെ ഗതാഗത നിയന്ത്രണം

തിരുവനന്തപുരം: പുത്തരിക്കണ്ടം മൈതാനത്ത് നാളെ നടക്കുന്ന അയ്യപ്പഭക്ത സംഗമത്തോടനുബന്ധിച്ച് ഉച്ചയ്ക്ക് 1 മുതൽ നഗരത്തിൽ ഗതാഗത ക്രമീകരണം ഉണ്ടായിരിക്കുന്നതാണെന്ന് ജില്ലാ പൊലീസ് മേധാവി എസ്. സുരേന്ദ്രൻ അറിയിച്ചു.

■ അയ്യപ്പഭക്ത സംഗമത്തോടനുബന്ധിച്ച് ശോഭായാത്ര ആരംഭിക്കുന്ന സമയം മുതൽ തീരുന്നത് വരെ വെള്ളയമ്പലം- മ്യൂസിയം- ആർ.ആർ ലാംമ്പ്- പാളയം- വി.ജെ.ടി- സ്റ്റാച്യു- പൂളിമൂട് ആയുർവേദ കോളേജ്- ഒ.ബി.ടി.സി- കിഴക്കേകോട്ട വരെയുള്ള റോഡിലും, പട്ടം- പി.എം.ജി - ജി.വി.രാജ- ആർ.ആർ. ലാംമ്പ് വരെയുള്ള റോഡിലും യാത്ര ഒഴിവാക്കണം

■ ശോഭായാത്രയിൽ പങ്കെടുക്കാൻ നെയ്യാറ്റിൻകര- കാട്ടാക്കട- പാറശ്ശാല ഭാഗത്ത് നിന്നും പ്രവർത്തകരെയും കൊണ്ട് വരുന്ന വാഹനങ്ങൾ കരമന- പൂജപ്പുര - ജഗതി- സാനഡു- ബേക്കറി വഴി നന്ദാവനത്തെത്തി ആളെ ഇറക്കിയ ശേഷം ആറ്റുകാൽ പാർക്കിംഗ് ഗ്രൗണ്ടിൽ വാഹനം പാർക്ക് ചെയ്യണം. തിരികെ കിള്ളിപ്പാലം ജംഗ്ഷനിൽ നിന്നും പ്രവർത്തകരെ കയറ്റി പോകണം.

■ നെടുമങ്ങാട് - കിളിമാനൂർ- ആറ്റിങ്ങൽ ഭാഗത്ത് നിന്നും പ്രവർത്തകരെയും കൊണ്ട് വരുന്ന വാഹനങ്ങൾ പബ്ലിക് ഓഫീസിന് മുന്നിൽ പ്രവർത്തകരെ ഇറക്കിയതിന് ശേഷം നന്ദാവനം - ബേക്കറി- വഴുതക്കാട്- ഡി.പി.എ- ജഗതി വഴി പൂജപ്പുര മൈതാനം പാർക്കിംഗ് ഗ്രൗണ്ടിലെത്തി പാർക്ക് ചെയ്യണം. തിരികെ കിള്ളിപ്പാലം- വലിയശാല റോഡിൽ നിന്നും പ്രവർത്തകരെ കയറ്റി കൊണ്ട് പോകണം.

■ കൊല്ലം ജില്ലയിൽ നിന്നും വരുന്ന പ്രവർത്തകർ പബ്ലിക് ഓഫീസിന് എതിർവശം ആളെ ഇറക്കിയതിന് ശേഷം ഈഞ്ചയ്ക്കൽ - കോവളം ബൈപ്പൊസ് റോഡിന്റെ ഒരുവശത്ത് പാർക്ക് ചെയ്യേണ്ടതും തിരികെ ഈഞ്ചയ്ക്കൽ ബൈപ്പൊസ് ജംഗ്ഷനിൽ നിന്നും പ്രവർത്തകരെ കയറ്റി പോകണം.

■ തിരുവനന്തപുരം നഗരത്തിൽ നിന്നും പ്രവർത്തകരുമായി വരുന്ന വാഹനങ്ങൾ പബ്ലിക് ലൈബ്രെറി ഓഫീസിനു മുന്നിൽ പ്രവർത്തകരെ ഇറക്കിയതിന് ശേഷം തൈക്കാട് സംഗീത കോളേജ് റോഡിന്റെ ഒരു വശത്ത് വാഹനം പാർക്ക് ചെയ്യേണം

■ എൻ, എച്ച് എം.സി റോഡ് വഴി കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ നിന്നും വരുന്ന വാഹനങ്ങൾ കഴക്കൂട്ടം ബൈപ്പാസ് വഴി ഈഞ്ചയ്ക്കൽ ജംഗ്ഷനിലെത്തി പ്രവർത്തകരെ ഇറക്കിയ ശേഷം ഈഞ്ചയ്ക്കൽ- കോവളം ബൈപ്പാസ് റോഡിന്റെ ഒരുവശത്ത് പാർക്ക് ചെയ്യണം. തിരികെ ഈഞ്ചയ്ക്കൽ ബൈപ്പാസ് ജംഗ്ഷനിൽ നിന്നും പ്രവർത്തകരെ കയറ്റി പോകണം,

വാഹനങ്ങൾ വഴിതിരിച്ച് വിടുന്ന സ്ഥലങ്ങൾ

■ ദേശീയപാതയിൽ നിന്നും വരുന്ന വാഹനങ്ങൾ ഉള്ളൂർ ജംഗ്ഷനിൽ നിന്ന് തിരിഞ്ഞ് മെഡിക്കൽ കോളേജ്- കുമാരപുരം - കണ്ണമ്മൂല- നാലുമുക്ക്- പാറ്റൂർ - ജനറൽ ആശുപത്രി- ആശാൻ സ്ക്വയർ- അണ്ടർപാസ് വഴി പോകണം.

■ എം.സി റോഡ് വഴി വരുന്ന വാഹനങ്ങൾ മണ്ണന്തലയിൽ നിന്നും തിരിഞ്ഞ് മുക്കോല- പേരൂർക്കട- ശാസ്തമംഗലം- ഇടപ്പഴിഞ്ഞി- എസ്.എം.സി- വഴുതക്കാട് വഴി പോകണം.

■ കരമന ഭാഗത്ത് നിന്നും കിഴക്കേകോട്ട ഭാഗത്തേയ്ക്ക് വരുന്ന വാഹനങ്ങൾ കിള്ളിപ്പാലം - അട്ടക്കുളങ്ങര വഴി പോകണം

■ നെടുമങ്ങാട് ഭാഗത്ത് നിന്നും വരുന്ന വാഹനങ്ങൾ പേരൂർക്കടയിൽ നിന്ന് തിരിഞ്ഞ് ശാസ്തമംഗലം- ഇടപ്പഴിഞ്ഞി- എസ്.എം.സി- വഴുതക്കാട് വഴി പോകണം

■ തമ്പാനൂർ ഭാഗത്ത് നിന്നും ആറ്റിങ്ങൽ, കൊല്ലം, കോട്ടയം ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ ബേക്കറി- അണ്ടർപാസ്- ആശാൻ സ്ക്വയർ വഴി പോകണം

■ കിഴക്കേകോട്ട തമ്പാനൂർ ഭാഗങ്ങളിൽ നിന്ന് പേരൂർക്കട നെടുമങ്ങാട് ഭാഗങ്ങളിലേക്ക് പോകേണ്ട വാഹനങ്ങൾ അട്ടക്കുളങ്ങര, കിള്ളിപ്പാലം, ഫ്ലൈഓവർ, തെക്കൊട്, സാനഡു, വഴുതക്കാടി വഴി പോകണം.

ചരമം

ഗോപി

കോവളം : ആഴാങ്കുളം കിഴക്കിൻകര വീട്ടിൽ ഗോപി എ. (63) നിര്യാതനായി. ഭാര്യ: രാധ. മക്കൾ: ലാലൻ (വെങ്ങാനൂർ പഞ്ചായത്ത് മെമ്പർ), ശ്രീജാമോൾ. മരുമക്കൾ: മണികണ്ഠൻ, സീന ലാൽ. സംസ്കാരം: ഇന്ന് രാവിലെ 10.30ന് വീട്ടുവളപ്പിൽ.

മദ്യപസംഘം ഏറ്റുമുട്ടി: നാലുപേർക്ക് പരിക്ക്

ചവറ: തെക്കുംഭാഗം നടയ്ക്കാവ് ക്ഷേത്ര ഉത്സവത്തോട് അനുബന്ധിച്ച് ഇന്നലെ അർദ്ധരാത്രി മദ്യപസംഘങ്ങൾ ഏറ്റുമുട്ടി പരിക്കേറ്റ നാലുപേരെ കരുനാഗപ്പള്ളിയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

നിർത്തിയിട്ടിരുന്ന 2 സ്കൂട്ടറുകളും ബൈക്കും കത്തിച്ചു

കാട്ടാക്കട: പൂവച്ചൽ പേയുംമൂട് ലക്ഷംവീട് കോളനിയിൽ ഷമീറിന്റെ വീടിനുമുന്നിൽ നിർത്തിയിട്ടിരുന്ന രണ്ട് സ്കൂട്ടറുകളും ഒരു ബൈക്കും കത്തിച്ചു.

വീടിന്റെ മുൻഭാഗവും കത്തി നശിച്ച നിലയിലാണ്. ഷമീറിന്റെ അയൽവാസികളായ അസീസ്, ഷഫീക്ക് എന്നിവരുടെ സ്കൂട്ടറുകളാണ് കത്തി നശിച്ചത്.

സംഭവവുമായി ബന്ധപ്പെട്ട് ഒരാളെ പൊലീസ് അറസ്റ്റ് ചെയ്തു. ലക്ഷംവീട് കോളനി സ്വദേശി സജീറിനെയാണ് കാട്ടാക്കട പൊലീസ് പിടികൂടി യത്.

സജീറും ഭാര്യയുമായുള്ള വഴക്കിനിടെ അസീസ് എന്നയാൾ ഇടപെട്ടതിന്റെ വിദ്വേഷം തീർത്തതാണ് ഈ സംഭവമെന്നാണ് പ്രാഥമിക നിഗമനം. ഇന്ന് പുലർച്ചെ 2 മണിക്കാണ് സംഭവം.

ബൈക്ക് മതിലിൽ ഇടിച്ച് രണ്ട് യുവാക്കൾ മരിച്ചു

ആലുവ: ചെങ്ങമ്മനാട്ടിൽ നിയന്ത്രണം വിട്ട ബൈക്ക് മതിലിലിടിച്ച് രണ്ട് യുവാക്കൾക്ക് ദാരുണാന്ത്യം. കാലടി അയ്യമ്പുഴ തോമ്പിക്കോട് വീട്ടിൽ വിമൽ (21) കോലഞ്ചേരി ചെങ്ങര പട്ടിമറ്റം നടയത്തുരുത്ത് വീട്ടിൽ അജിത് (21) എന്നിവരാണ് മരിച്ചത്. ഇന്ന് രാവിലെ എട്ട് മണിയോടെ ചെങ്ങമനാട് പള്ളിക്ക് സമീപത്ത് വച്ചായിരുന്നു അപകടം. അമിതവേഗതയിലായിരുന്ന ബൈക്ക് നിയന്ത്രണം വിടുകയും മതിലിലേക്ക് ചെന്നിടിക്കുകയുമായിരുന്നു. ഇടിയുടെ ആഘാതത്തിൽ മതിൽ തകർന്നു. ഗുരുതരമായി പരിക്കേറ്റ ഇരുവരെയും ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് കൈമാറും.

അജ്ഞാത മൃതദേഹം: ദുരൂഹത

കൊച്ചി: എറണാകുളം എളംകുളത്ത് നിർമാണം പൂർത്തിയാകാത്ത മൂന്ന് നില കെട്ടിടത്തിൽ മൂന്ന് ദിവസത്തോളം പഴക്കമുള്ള അജ്ഞാത മൃതദേഹം കണ്ടെത്തിയ സംഭവത്തിൽ പൊലീസ് അന്വേഷണം ഊർജിതമാക്കി. മരിച്ച ആളെ ഇനിയും തിരിച്ചറിയാനായിട്ടില്ല. മൃതദേഹം കളമശേരി മെഡിക്കൽ കോളേജിലെ മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. ഏകദേശം 40 വയസ് തോന്നിക്കുന്ന പുരുഷന്റെ മൃതദേഹമാണ് ഇന്നലെ കണ്ടെത്തിയത്. രണ്ട് മാസത്തോളമായി നിർമാണ പ്രവർത്തനങ്ങളൊന്നും നടക്കാതിരുന്ന കെട്ടിടത്തിലെ താഴത്തെ നിലയിൽ ലിഫ്റ്റ് പണി തിരുന്ന ഭാഗത്തോട് ചേർന്നാണ് മൃതദേഹം കിടന്നിരുന്നത്.

കരമനയിൽ ട്രാൻ. ബസും സ്കൂട്ടറും കൂട്ടിയിടിച്ച് ഗർഭിണി മരിച്ചു

തിരുവനന്തപുരം: കരമനയിൽ കെ.എസ്.ആർ.ടി.സി ബസും സ്കൂട്ടറും കൂട്ടിയിടിച്ച് മൂന്ന് മാസം ഗർഭിണിയായ യുവതി മരിച്ചു. കരമന ആണ്ടിയിറക്കിത്തിന് സമീപത്ത് ഇന്ന് രാവിലെ 7 നാണ് അപകടമുണ്ടായത്. ആനാവൂർ സ്വദേശിനി ധന്യയാണ് (26) മരിച്ചത്. സ്കൂട്ടർ ഓടിച്ചിരുന്ന ഭർത്താവ് നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു. എസ്.എ.ടി ആശുപത്രിയിലേക്ക് പോകവെയാണ് അപകടം.

മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിൽ. കരമന പൊലീസ് കേസെടുത്തു.

ചെങ്കൽ പഞ്ചായത്ത് പ്രസിഡന്റിന്റെ രാജി ആവശ്യപ്പെട്ട് നടത്തിയ പ്രതിഷേധം

വധശ്രമ കേസിലെ പ്രതി പിടിയിൽ

ചിറയിൻകീഴ്: വധശ്രമ കേസിലെ പ്രതി ഇടയ്ക്കോട് ഊരുപൊയ്ക മങ്ങാട്ടുമൂല എസ്.എസ് ഭവനിൽ സുധീഷ് (27) പൊലീസ് പിടിയിലായി. മൂന്നുമാസം മുമ്പ് ഗണേശ് എന്നയാളെ വധിക്കാൻ ശ്രമിച്ച കേസുമായി ബന്ധപ്പെട്ടാണ് സുധീഷ് ഇന്നലെ അറസ്റ്റിലായത്. മറ്റൊരു കൊലപാതക ശ്രമവുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ സബ്ജയിലിൽ കഴിയവേയാണ് ഗണേശ് വധശ്രമ കേസിലേയും പ്രതി ഇയാളാണെന്നറിയുന്നത്. തെളിവെടുപ്പിനായി പൊലീസ് പ്രതിയെ കസ്റ്റഡിയിൽ വാങ്ങി.

സുധീഷിനെതിരെ ആറ്റിങ്ങൽ, മംഗലപുരം സ്റ്റേഷനുകളിലും കേസുകൾ നിലനിൽക്കുന്നുണ്ട്.

കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471-2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

നിർമൽ NR104 നറുക്കെടുപ്പ് ഫലം 18.01.2019

സ്ഥലം: ഗോർഖി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം

ഒന്നാം സമ്മാനം 60 ലക്ഷം രൂപ NB 147405 (വയനാട്)

സമാശ്വാസ സമ്മാനം 8000 രൂപ

NA 147405 NC 147405 ND 147405 NE 147405 NF 147405 NG 147405
NH 147405 NJ 147405 NK 147405 NL 147405 NM 147405

2-ാം സമ്മാനം 5 ലക്ഷം രൂപ

ND 728246 (എറണാകുളം)

3-ാം സമ്മാനം 100000 രൂപ

NA 205674 (കണ്ണൂർ)	NB 379586 (കൊല്ലം)	NC 720559 (തൃശ്ശൂർ)	ND 823520 (പത്തനംതിട്ട)	NE 527259 (ആലപ്പുഴ)	NF 110769 (എറണാകുളം)
NG 830941 (വയനാട്)	NH 546014 (കോട്ടയം)	NJ 217761 (കാസർകോട്)	NK 905762 (മലപ്പുറം)	NL 408603 (പാലക്കാട്)	NM 325983 (തിരുവനന്തപുരം)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

4-ാം സമ്മാനം 5000 രൂപ

0532	1700	3586	3920	4528	5972	6571	7780	8937	9069
9479	9508								

5-ാം സമ്മാനം 1000 രൂപ

1157	1522	1531	1814	2116	2276	2533	2999	3558	3653
3931	4195	4291	4406	4611	4627	4779	5472	6049	6804
6862	7143	7274	7414	7641	7645	7823	8366	8414	8721
8911									

6-ാം സമ്മാനം 500 രൂപ

0136	0358	0389	0423	0429	1084	1110	1379	1646	1671
1682	1684	1699	1801	1911	1928	1992	2001	2337	2393
2410	2472	2496	2927	3048	3438	3514	3567	4248	4371
4559	4564	4847	4933	4965	4983	5648	6010	6267	6338
6362	6421	6600	6669	6803	7090	7841	7909	7930	7933
8029	8292	8379	8427	8549	8823	9280	9371	9519	9761

7-ാം സമ്മാനം 100 രൂപ

0142	0245	0369	0422	0448	0464	0480	0568	0670	0782
0784	1018	1064	1077	1204	1230	1335	1421	1586	1714
1770	1819	1840	1850	1933	2112	2183	2229	2770	2839
2940	2943	2965	3007	3059	3193	3221	3232	3286	3309
3375	3442	3443	3449	3510	3572	3598	3691	3793	3912
4025	4120	4241	4245	4252	4283	4349	4391	4434	4574
4663	4680	4899	4906	4932	5139	5298	5382	5532	5876
5878	5916	5958	6068	6238	6243	6247	6316	6411	6417
6868	7157	7165	7216	7403	7482	7569	7619	7700	7791
7811	8098	8109	8255	8426	8510	8639	8650	9042	9153
9274	9435	9628	9819	9882	9942	9950	9972		

(പേജ്) ടി.എ. പത്മകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

നറുക്കെടുപ്പ് തത്സമയ സംപ്രേഷണം എല്ലാ ദിവസവും
കൈരളി, കൗമുദി ചാനലുകളിൽ